ശമ്പള പരിഷ്കരണം

137 (4128) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒമ്പതാം ശമ്പളപരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അഞ്ചു വർഷതത്വം ഉറപ്പാക്കി എപ്പോൾ ശമ്പളപരിഷ്കരണ നടപടികൾ പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തന കാലാവധി സർക്കാർ 2015 ജൂൺ 30-ാം തീയതി വരെ അനുവദിച്ചിട്ടുണ്ട്. ടി കാലാവധിക്കുള്ളിൽ തന്നെ ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ സർക്കാരിന് സമർപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മൂർക്കാട്ടിൽപ്പടി പമ്പ് ഹൗസ് റോഡിന്റെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ

138 (4129) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നടക്കുന്ന മൂർക്കാട്ടിൽപ്പടി പമ്പ് ഹൗസ് റോഡിന്റെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് ധനകാര്യവകുപ്പിൽ നിലവിലുള്ള 90153/Fin/Dev/14 എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഈ ഫയലിന്റെ സി.ടി.ഇ. പരിശോധന പൂർത്തീകരിച്ചോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 90153/DEV3/14/Fin. എന്ന ഫയൽ CTE-യുടെ പരിശോധന പൂർണ്ണമല്ലാത്തതിനാൽ പുനഃപരിശോധനയ്ക്കായി വീണ്ടും CTE -യ്ക്ക് അയച്ചിരിക്കുകയാണ്.

(ബി) CTE-യുടെ പുനഃപരിശോധന പൂർത്തിയായിട്ടില്ല.

10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ

139 (4130) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളപരിഷ്കരണത്തിനായുള്ള 10-ാം ശമ്പള പരിഷ്കരണ കമ്മീഷനെ എന്നാണ് നിയമിച്ചതെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മീഷന് അനുവദിച്ച സമയപരിധി എത്ര ആണെന്നും ആയത് നീട്ടി നൽകിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ഡി) ശമ്പള പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30-11-2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന. പ്രകാരമാണ് സർക്കാർ പത്താം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ച് ഉത്തരവായത്.

(ബി) സമർപ്പിച്ചിട്ടില്ല.

(സി) 12-6-2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 218/14/ധന ഉത്തരവിലൂടെ കമ്മീഷന്റെ പ്രവർത്തനം 4-12-2014 വരെയും 29-11-2014 തീയതിയിലെ സ.ഉ. (കൈ) നമ്പർ 521/14/ധന. പ്രകാരം 30-6-2015 വരെയും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ഡി) അനുവദിച്ച കാലാവധിക്കുള്ളിൽതന്നെ ശമ്പള പരിഷ്കരണ ശിപാർശകൾ സർക്കാരിന് സമർപ്പിക്കുവാൻ സാധിക്കുമെന്ന് കമ്മീഷൻ പ്രതീക്ഷിക്കുന്നു.

പത്താം ശമ്പള കമ്മീഷൻ

140 (4131) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-ാം ശമ്പള കമ്മീഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചത് ;

(ബി) കമ്മീഷന്റെ കാലാവധി സർക്കാർ എന്നൊക്കെ നീട്ടിനൽകി എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30-11-2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽ വന്നു.

(ബി) 12-6-2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 218/14/ധന ഉത്തരവിലൂടെ കമ്മീഷന്റെ പ്രവർത്തനം 4-12-2014 വരെയും 29-11-2014 തീയതിയിലെ സ.ഉ. (കൈ) നമ്പർ 521/14/ധന പ്രകാരം 30-6-2015 വരെയും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly